ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.12.2024**

## പ്രധാനവാർത്തകൾ

1) **മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**

2) **ഉപഭോക്താക്കളുടെ സംരക്ഷണത്തിന് പ്രധാന്യം നല്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി ജി.ആർ അനിൽ.**

3) **ശബരിമലയിലെ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്കഅങ്കി ഘോഷയാത്ര മൂന്നാം ദിവസവും പ്രയാണം തുടരുന്നു. ഘോഷയാത്ര നാളെ സന്നിധനത്ത്.**

4) **തിരുപ്പറവിയുടെ സ്മരണയിൽ നാളെ ക്രിസ്തുമസ്. സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർണ്ണം. ലോകമെമ്പാടുമുള്ള മലയാളികൾക്ക് ആശംസകൾ നേർന്ന് ഗവർണറും സ്പീക്കറും.**

5) **ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഐ.സി.സി ചാമ്പ്യൻഷിപ്പ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഇന്ന് തമിഴ്നാടിനെ നേരിടും.**

RNU TVPM

**മുഖ്യമന്ത്രി മലപ്പുറം - (ഇൻട്രോ)**

131 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച മിൽമ മലപ്പുറം ഡയറിയും പാൽപ്പൊടി നിർമ്മാണ ഫാക്ടറിയും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു....**
**(വോയിസ്......)**

==============================================================

**ഉപഭോക്തൃ ദിനം**

ഇന്ന് ദേശീയ ഉപഭോക്തൃ ദിനം. ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര ഉപഭോക്തൃ കാര്യ മന്ത്രി പ്രൾഹാദ് ജോഷി അധ്യക്ഷത വഹിക്കും. ഉപഭോക്താവിൻറെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ സംരംഭങ്ങൾക്ക് അദ്ദേഹം തുടക്കം കുറിക്കും. ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി വിഡിയോ സന്ദേശത്തിലൂടെ പറഞ്ഞു.

RNU TVPM

==============================================================

**ജി.ആർ അനിൽ**

ഉപഭോക്താക്കളുടെ സംരക്ഷണത്തിന് പ്രധാന്യം നല്കുന്ന സംസ്ഥാനമാണ് കേരളമെന്ന് മന്ത്രി ജി.ആർ അനിൽ. വിദ്യാഭ്യാസം, തൊഴിൽ ഉൾപ്പെടെയുള്ള മേഖലകളിൽ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളത്തെ ഉപഭോക്തൃ സംരക്ഷണത്തിലും മുന്നിലെത്തിക്കുക എന്നതാണ് സർക്കാരിൻറെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. ദേശീയ ഉപഭോക്തൃ ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഉപഭോക്താക്കളെ ശാക്തീകരിക്കാൻ ഫലപ്രദമായ

നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

==================================================================

**നെറതിങ്ക-24 ദേശീയ ഗോത്രമേള**

കിർത്താഡ്സ് സംഘടിപ്പിക്കുന്ന നെറതിങ്ക-24 ദേശീയ ഗോത്രമേളയ്ക്ക് ഇന്ന് കോഴിക്കോട് തുടക്കം. ചേവായൂർ കിർത്താഡ്സ് ക്യാമ്പസിൽ വൈകുന്നേരം ആറിന് മന്ത്രി ഒ.ആർ.കേളു ദേശീയ ഗോത്രമേള ഉദ്ഘാടനം ചെയ്യും. വൈകിട്ട് 5.30ന് ചേവായൂരിൽ നിന്നും വിളംബരഘോഷയാത്ര ആരംഭിക്കും. ഈ മാസം 30 വരെ നടക്കുന്ന മേളയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള വ്യത്യസ്ത ഗോത്ര വിഭാഗങ്ങൾക്ക് പുറമെ രാജസ്ഥാൻ, കർണാടക, മഹാരാഷ്ട്ര, തമിഴ്നാട്, മധ്യപ്രദേശ് മുതലായ സംസ്ഥാനങ്ങളിൽ നിന്നുള്ള ഗോത്ര വിഭാഗങ്ങളിലെ വിദഗ്ധരും പങ്കെടുക്കും.

==================================================================

**ജോർജ് കുര്യൻ-രാഷ്ട്രപതി**

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കർദ്ദിനാൾ ജോർജ് കൂവക്കാടിനൊപ്പം രാഷ്ട്രപതി ദ്രൗപദി മുർമുവിനെ സന്ദർശിച്ചു. ആർച്ച് ബിഷപ്പ് തോമസ് തറയിൽ ഒപ്പമുണ്ടായിരുന്നു. ശ്രീ ജോർജ് കൂവക്കാടിനെ കർദിനാൾ പദവിയിലേക്ക് ഉയർത്തുന്ന വത്തിക്കാനിലെ ചടങ്ങിൽ രാജ്യത്തെ പ്രതിനിധീകരിച്ച് ശ്രീ ജോർജ് കുര്യൻ പങ്കെടുത്തിരുന്നു.

==================================================================

**ശബരിമല, പത്തനംതിട്ട - (ഇൻട്രോ)**

തീർഥാടകരാൽ നിറഞ്ഞ് സന്നിധാനം. മണ്ഡലകാലം ആരംഭിച്ച് ഇന്നലെവരെ എത്തിയത് 30,78,049 തീർഥാടകർ.
തങ്കഅങ്കി രഥഘോഷയാത്ര മൂന്നാം ദിവസവും പ്രയാണം തുടരുന്നു. ഘോഷയാത്ര അൽപസമയത്തിനകം മലയാലപ്പുഴ എത്തും.

PRIU TVPM

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്........)**

====================================================

**റിപ്പബ്ലിക് ഡേ- ടാബ്ലോ**

2025-ൽ ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിലേക്ക് ഇത്തവണ 15 സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ടാബ്ലോ തിരഞ്ഞെടുത്തതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. **സ്വർണിൻ ഭാരത് ; വിരാസത് ഓർ വികാസ്** എന്നതാണ് ഇത്തവണത്തെ പ്രമേയം. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പുറമെ 11 മന്ത്രാലയങ്ങളെയും കേന്ദ്രസർക്കാർ വകുപ്പുകളെയും പരേഡിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

====================================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

====================================================

**എൻ.സി.സി ക്യാമ്പ്-ഭക്ഷ്യവിഷബാധ**

കൊച്ചി - തൃക്കാക്കര കെ എം കോളേജിൽ എൻ.സി.സി ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് ദേഹാസ്വാസ്ഥ്യം ഉണ്ടായ സംഭവത്തെ തുടർന്നുണ്ടായ വാക്കുതർക്കത്തിൽ എസ് എഫ് ഐ പ്രവർത്തകർക്കെതിരെ കേസെടുത്തു. ക്യാമ്പിൽ എത്തി വിദ്യാർഥികളുമായി വാക്ക് തർക്കം ഉണ്ടാക്കിയ വനിതാ നേതാവ് ഭാഗ്യലക്ഷ്മി, ആദർശ്, പ്രമോദ് എന്നിവർക്കെതിരെയാണ് കേസ്. ഇവർ മോശം പരാമർശം നടത്തിയെന്ന് വിദ്യാർത്ഥിനികൾ പരാതിപ്പെട്ടിരുന്നു.

====================================================

RNUTVPM

**(ക്രിസ്തുമസ് - (ഇൻട്രോ)**

യേശുക്രിസ്തുവിൻറെ തിരുപ്പിറവിയുടെ സ്മരണയിൽ നാളെ ക്രിസ്തുമസ്. പിറവി തിരുനാൾ ആഘോഷിക്കാൻ മലയാളികൾ ഒരുങ്ങി. ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാനും സ്പീക്കർ എ.എൻ.ഷംസീറും ക്രിസ്തുമസ് ആശംസകൾ നേർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ടോം മാത്യു.....**

**(വോയിസ്..........)**

==========================================================

**എം.ടി വാസുദേവൻ നായർ**

കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലുള്ള എഴുത്തുകാരൻ എം.ടി വാസുദേവൻ നായരുടെ ആരോഗ്യസ്ഥിതി മാറ്റമില്ലാതെ തുടരുന്നു. തീവ്ര പരിചരണ വിഭാഗത്തിൽ ചികിൽസ തുടരുകയാണ്. വിദഗ്ധ ഡോക്ടർമാർ ആരോഗ്യസ്ഥിതി വിലയിരുത്തുന്നുണ്ട്.

==========================================================

**മുനമ്പം**

മുനമ്പത്ത് നടന്നുവരുന്ന സമരവുമായി ബന്ധപ്പെട്ട് , സമരസമിതി നേതാക്കളും, കോട്ടപ്പുറം രൂപതയിലെ വൈദികരും മുനമ്പം ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് സി എൻ രാമചന്ദ്രൻ നായരുമായി കൊച്ചിയിൽ പ്രത്യേക ചർച്ച നടത്തി. നാളെ ക്രിസ്തുമസ് ദിനത്തിൽ മുനമ്പം സമരത്തിൽ പങ്കെടുക്കുന്നവർ നിരാഹാരം അനുഷ്ഠിക്കുമെന്ന് അറിയിച്ചിരുന്നതിൻറെ പശ്ചാത്തലത്തിലാണ് ചർച്ച. കോട്ടപ്പുറം രൂപതാ മെത്രാൻ അംബ്രോസ് പുത്തൻവീട്ടിൽ, വികാരി ജനറൽ റോക്കി റോബിൻ മുനമ്പം ഭൂ സംരക്ഷണ സമിതി നേതാവ് ബെന്നി എന്നിവരാണ് കമ്മീഷനെ സന്ദർശിച്ചത്.

==========================================================

RNU TVPM

**വനിതാ ക്രിക്കറ്റ്**

ഐ.സി.സി ചാമ്പ്യൻഷിപ്പ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിൽ വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം മത്സരത്തിൽ ഇന്ത്യ ഇന്നിറങ്ങും. വഡോദരയിലെ കൊടമ്പി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30- നാണ് മത്സരം. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ത്തിന് മുന്നിലാണ്.

============================================================

**സന്തോഷ് ട്രോഫി**

സന്തോഷ് ട്രോഫി ഫുട്ബോളിൽ ഗ്രൂപ്പ്-ബി യിലെ അവസാന റൗണ്ടിൽ കേരളം ഇന്ന് തമിഴ്നാടിനെ നേരിടും. ഹൈദരബാദിലെ ഡെക്കാൻ അരീനയിൽ ഉച്ചയ്ക്ക് 2.30 നാണ് മത്സരം. ഗ്രൂപ്പിൽ ഒന്നാം സ്ഥാനക്കാരായ കേരളം ഡൽഹിയ്ക്കെതിരായ ജയത്തോടെ ക്വാർട്ടർ ഉറപ്പിച്ചിരുന്നു. രാവിലെ നടന്ന ഒഡീഷ - മേഘാലയ മത്സരം ഗോൾരഹിത സമനിലയിൽ അവസാനിച്ചു. രാത്രി 7.30 -ന് ഗോവ ഡൽഹിയെ നേരിടും.

RNU TVPM

============================================================

**ഫുട്ബോൾ ചാമ്പ്യൻഷിപ്പ് - കോഴിക്കോട്**

കാലിക്കറ്റ് സർവകലാശാല ആതിഥ്യം വഹിക്കുന്ന അഖിലേന്ത്യ അന്തർ സർവകലാശാല പുരുഷ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ നാലാം ദിനത്തിൽ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരളയ്ക്ക് ജയം. ജെപ്പിയാർ യൂണിവേഴ്സിറ്റിയെ ഒന്നിനെതിരെ 3 ഗോളുകൾക്കാണ് സെൻട്രൽ യൂണിവേഴ്സിറ്റി പരാജയപ്പെടുത്തിയത്.

============================================================

**ശ്യാം ബെനഗൽ**

പ്രശസ്ത ചലച്ചിത്ര സംവിധായകൻ ശ്യാം ബെനഗളിൻറെ വിയോഗത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേരള മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയ പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

വൃക്കരോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ മുംബൈയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് നൽകുന്ന ഏറ്റവും വലിയ ബഹുമതിയായ ദാദാ സാഹബ് ഫാൽക്കെ പുരസ്കാരം നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. പത്മശ്രീ, പത്മഭൂഷൺ തുടങ്ങിയ പുരസ്കാരങ്ങൾക്കും അദ്ദേഹം അർഹനായി.

==========================================================

**<u>പടക്കവിൽപ്പനശാല-തീ</u>**

തിരുവനന്തപുരം പാലോട് പടക്കകടയ്ക്ക് തീപിടിച്ചു. ഇന്ന് രാവിലെ 6.15 ഓടെയാണ് സംഭവം. നന്ദിയോട് ആനക്കുഴിയിൽ കുഞ്ഞുമോൻറെ ഉടമസ്ഥതയിലുള്ള പടക്കനിർമാണ കടയ്ക്കാണ് തീപിടിച്ചത്. ഷോർട്ട് സർക്ക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. കട പൂർണമായും കത്തിനശിച്ചു. രാവിലെ ആയതിനാൽ വൻ അപകടം ഒഴിവായി.

==========================================================

**<u>പ്രവാസി ക്ഷേമബോർഡ്- കുടിശ്ശിക</u>**

പ്രവാസി ക്ഷേമ ബോർഡിൻറെ നേതൃത്വത്തിൽ അംഗത്വ ക്യാമ്പയിനും കുടിശ്ശിക നിവാരണവും സംഘടിപ്പിക്കുന്നു. പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഡിസംബർ 30-ന് മന്ത്രി ശ്രീ വി അബ്ദുറഹിമാൻ തിരുവനന്തപുരത്ത് നിർവഹിക്കും. ആൻറണി രാജു എം.എൽ.എ അധ്യക്ഷനാകും.

==========================================================

**<u>ശിവഗിരി</u>**

92-ാ മത് ശിവഗിരി തീർത്ഥാടനത്തോട് അനുബന്ധിച്ച് ശിവഗിരിയിൽ ഉയർത്താനുള്ള കൊടിക്കയറുമായുള്ള പദയാത്ര ആരംഭിച്ചു. ചേർത്തല കളവങ്കോടം ശക്തീശ്വര ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച പദയാത്ര വിവിധ സ്ഥലങ്ങളിൽ നിന്ന് സ്വീകരണം ഏറ്റുവാങ്ങി. ഈ മാസം 29-ന് ശിവഗിരിയിലെത്തും.

==========================================================

==========================================================

==========================================================

RNUTVPM